2026
OCTOBER
08
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് ഉയർത്തി ആർബിഐ



**ന്യൂദൽഹി:** പണനയം പ്രഖ്യാപിച്ച് ആർബിഐ. റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് ഉയർത്തി 5.50 ശതമാനമാക്കി. 2023നുശേഷം ആദ്യമായാണ് റിപ്പോ നിരക്ക് വർധിപ്പിക്കുന്നത്. പശ്ചിമേഷ്യയിലെ പ്രതിസന്ധിക്കിടയിൽ വർധിച്ചുവരുന്ന പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായാണ് മൂന്ന് വർഷത്തിനിടയിലുള്ള ഈ ആദ്യ റെപ്പോ നിരക്ക് വർധന.ഇതോടെ, ഭവന, വാഹന, വ്യക്തിഗത വായ്പകളുടെ പലിശനിരക്ക് കൂടാനാണ് സാധ്യത.

ഇതിനുമുമ്പ് 2023 ഫെബ്രുവരിയിലാണ് റെപ്പോ നിരക്ക് വർധിപ്പിച്ചത്. അന്ന് ആർ.ബി.ഐ നിരക്ക് 0.25 ശതമാനം ഉയർത്തി 6.50 ശതമാനമാക്കിയിരുന്നു. 2025ൽ നിരക്ക് കുറയ്ക്കാനുള്ള നടപടികൾ ആരംഭിക്കുന്നതിന് മുൻപ്, 202324 കാലയളവിൽ ഈ നിരക്കിൽ മാറ്റമൊന്നും വരുത്തിയിരുന്നില്ല.

റിപ്പോ നിരക്ക് വായ്പയെടുക്കുന്നവരിൽ കാര്യമായ ആഘാതം ഏൽപ്പിക്കും.

30 വർഷത്തെ കാലാവധിയുള്ള 50 ലക്ഷം രൂപയുടെ സാധാരണ ഭവന വായ്പയിൽ പലിശനിരക്ക് 25 ബേസിസ് പോയിന്റ് വർദ്ധിക്കുമ്പോൾ, ഒരു പൊതുമേഖലാ ബാങ്കിൽ പ്രതിമാസ ഇഎംഐ 34,109 രൂപയിൽ നിന്ന് 34,961 രൂപയായും (852 രൂപയുടെ വർദ്ധനവ്), സ്വകാര്യ ബാങ്കിൽ 35,821 രൂപയിൽ നിന്ന് 36,688 രൂപയായും (867 രൂപയുടെ വർദ്ധനവ്) ഉയരുന്നു.

വായ്പ മുഴുവൻ കാലാവധിയിലേക്കും തുടരുകയാണെങ്കിൽ, 30 വർഷത്തിനിടയിൽ പൊതുമേഖലാ ബാങ്കിൽ ഏകദേശം 3.07 ലക്ഷം രൂപയും സ്വകാര്യ ബാങ്കിൽ 3.12 ലക്ഷം രൂപയും അധിക പലിശയിനത്തിൽ നൽകേണ്ടിവരും.

# മൊബൈൽ ഫോണുകളുടെ ജിഎസ്ടി കുറയ്ക്കണമെന്ന് ഐസിഇഎ

**കൊച്ചി:** മൊബൈൽ ഫോണുകളുടെ ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറയ്ക്കണമെന്ന് ഇന്ത്യ സെല്ലുലാർ ആൻഡ് ഇലക്ട്രോണിക്സ് അസോസിയേഷൻ (ഐസിഇഎ) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. നിർദേശം അടുത്ത ജിഎസ്ടി കൗൺസിൽ യോഗത്തിൽ പരിഗണിക്കണമെന്നും ഐസിഇഎ ആവശ്യപ്പെട്ടു. രാജ്യത്ത് ഏകദേശം 25 കോടി പേർ ഇപ്പോഴും ഫീച്ചർ ഫോണുകളാണ് ഉപയോഗിക്കുന്നത്. സ്മാർട്ട്ഫോണുകളുടെ വില കുറയുന്നത് കൂടുതൽ പേർക്ക് സ്മാർട്ട്ഫോൺ ഉപയോഗത്തിലേക്ക് മാറാൻ സഹായിക്കുമെന്ന് ഐസിഇഎ വ്യക്തമാക്കി. ജിഎസ്ടി കുറച്ചാൽ ഡിജിറ്റൽ പേയ്മെന്റുകൾ, ബാങ്കിംഗ്, വിദ്യാഭ്യാസം, ആരോഗ്യം, സർക്കാർ സേവനങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം വർധിക്കുമെന്നും സംഘടന ചൂണ്ടിക്കാട്ടി. മൊബൈൽ ഫോൺ നിർമാണം 2025-26ൽ 6.27 ലക്ഷം കോടി രൂപയിലെത്തിയതായും ഐസിഇഎ അറിയിച്ചു.

# ദീപാവലി സീസണിൽ ഇന്ത്യൻ സഞ്ചാരികളെ ലക്ഷ്യമിട്ട് അബുദാബി



**കൊച്ചി:** ദീപാവലി സീസണിൽ ഇന്ത്യൻ സഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേക യാത്രാ പാക്കേജുകളുമായി അബുദാബി. ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ നിന്ന് മൂന്ന് മുതൽ നാല് മണിക്കൂർ വരെ വിമാനയാത്രയിൽ എത്തിച്ചേരാവുന്ന അബുദാബി കുടുംബ യാത്രാ വിപണി ലക്ഷ്യമിട്ടാണ് വിവിധ ഓഫറുകൾ അവതരിപ്പിക്കുന്നത്. താമസം, പ്രഭാതഭക്ഷണം, വിമാനത്താവള കൈമാറ്റം, പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം എന്നിവ ഉൾപ്പെടുന്ന പാക്കേജുകൾ ഒരാൾക്ക് 83,325 രൂപ മുതലാണ് ലഭ്യമാകുന്നത്. യാസ് ഐലൻഡ്, ലൂവർ അബുദാബി, ഷെയ്ഖ് സായിദ് ഗ്രാൻഡ് മോസ്ക്, ടീംലാബ് ഫിനോമിന അബുദാബി എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. ദീപാവലി വിരുന്നുകൾ, ബീച്ച് അനുഭവങ്ങൾ, ഷോപ്പിംഗ് എന്നിവയും പാക്കേജുകളുടെ ഭാഗമാണ്. ഇന്ത്യൻ ടൂറിസം വിപണിയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുകയാണ് ലക്ഷ്യം.

# ഇന്ത്യയുടെ വളർച്ചാപ്രവചനം ഉയർത്തി ലോകബാങ്ക്

**വാഷിംഗ്ടൺ ഡിസി:** 202627 സാമ്പത്തികവർഷത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ചാനിരക്ക് 7.1 ശതമാനമാക്കി ഉയർത്തി ലോകബാങ്കിന്റെ പുതിയ പ്രവചനം. കാർഷിക മേഖലയിലെ മാന്ദ്യത്തെ വ്യവസായ, സേവന മേഖലകളിലെ ശക്തമായ മുന്നേറ്റം മറികടക്കുമെന്നും ഇതിലൂടെ മുൻപ് കണക്കാക്കിയിരുന്നതിനേക്കാൾ 50 ബേസിസ് പോയിൻറ് അധിക വളർച്ച നേടാനാകുമെന്നും ലോക ബാങ്ക് വ്യക്തമാക്കി.

ലോകബാങ്കിന്റെ ഒക്ടോബറിലെ സൗത്ത് ഏഷ്യ ഇക്കണോമിക് അപ്ഡേറ്റ് പ്രകാരം ഇന്ത്യയുടെ 2027ലെ വളർച്ചാപ്രവചനം 6.6 ശതമാനത്തിൽ നിന്നാണ് 7.1 ശതമാനമായി ഉയർത്തിയത്. 2028 സാമ്പത്തികവർഷത്തിൽ 7.2 ശതമാനം വളർച്ചയും പ്രവചിക്കുന്നു. 2026 സാമ്പത്തിക വർഷം ബാങ്കിന്റെ അനുമാനമായ 7.6 ശതമാനത്തേക്കാൾ രാജ്യത്തിൻറെ വളർച്ച 7.8 ശതമാനമായി ഉയർന്നിരുന്നു.

ഉയർന്ന എണ്ണവിലയും നാണ്യപ്പെരുപ്പ ഭീഷണിയും നിലനിൽക്കുമ്പോഴും, ശക്തമായ ആഭ്യന്തര ഉപഭോഗം ഇന്ത്യയുടെ  വളർച്ചാ നിരക്ക് ഉയർത്താൻ ലോകബാങ്കിനെ പ്രേരിപ്പിച്ചു.

ദക്ഷിണേഷ്യൻ മേഖലയുടെ ആകെ വളർച്ചാ പ്രവചനം 6.9 ശതമാനമായും ലോക ബാങ്ക് പുതുക്കി നിശ്ചയിച്ചു. ഈ മേഖലയുടെ സാമ്പത്തികവളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നത് ഇന്ത്യയുടെ പ്രകടനമാണ്. 2026ൽ 6.9 ശതമാനവും 2027ൽ 6.7 ശതമാനവും വളർച്ചയാണ് മേഖലയിൽ പ്രവചിക്കുന്നത്. എന്നാൽ, ഇന്ത്യയെ ഒഴിവാക്കിയാൽ ഇത് യഥാക്രമം 3.6 ശതമാനമായും 3.8 ശതമാനമായും കുറയും.

സമീപകാല സാമ്പത്തികവളർച്ചാ പ്രവചനങ്ങൾക്കപ്പുറം, ദീർഘകാല വളർച്ച നിലനിർത്തുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് കൂടുതൽ വേഗത്തിൽ സ്വീകരിക്കണമെന്ന് ലോകബാങ്ക് നിർദേശിക്കുന്നു.

രാജ്യത്തിന്റെ അടുത്ത ഘട്ട ഉത്പാദനക്ഷമതയും വളർച്ചയും വർധിപ്പിക്കാൻ ശേഷിയുള്ള പ്രധാന ഘടകമായി എഐക്ക് റിപ്പോർട്ട് വലിയ പ്രാധാന്യം നൽകുന്നു. ലോകബാങ്ക് നടത്തിയ പുതിയ സർവേ പ്രകാരം, യുഎസിൽ 43 ശതമാനം കമ്പനികൾ എഐ ഉപയോഗിക്കുന്പോൾ ഇന്ത്യയിൽ ഇത് വെറും 23 ശതമാനം മാത്രമാണ്.എഐ ഉപയോഗത്തിന്റെ സാങ്കേതിക തികവും മികവും പരിഗണിക്കുമ്പോൾ ഇരു രാജ്യങ്ങളും തമ്മിലുള്ള അന്തരം കൂടുതൽ വ്യക്തമാകുന്നു.

ലോകബാങ്കിന്റെ എഐ അഡോപ്ഷൻ ഇൻഡെക്സ്അനുസരിച്ച്, യുഎസിന്റെ സ്കോർ 0.85 ആയിരിക്കുമ്പോൾ ഇന്ത്യയുടേത് 0.27 മാത്രമാണ്. പണം നൽകി എഐ സോഫ്റ്റ്വേറുകളോ സബ്സ്ക്രിപ്ഷനുകളോ ഉപയോഗിക്കുന്ന ഇന്ത്യൻ സ്ഥാപനങ്ങൾ 3.5 ശതമാനം മാത്രമാണുള്ളത്; എന്നാൽ യുഎസിൽ ഇത് 23.1 ശതമാനമാണ്.

# എയർടെൽ പോസ്റ്റ്പെയ്ഡ് പ്ലാനുകളിൽ സൗജന്യ അന്താരാഷ്ട്ര റോമിങ്

**കൊച്ചി:** എയർടെൽ പുതിയ പോസ്റ്റ്പെയ്ഡ് പ്ലാനുകൾ അവതരിപ്പിച്ചു. ഒക്ടോബർ 8 മുതൽ ലഭ്യമാകുന്ന പ്ലാനുകളിൽ ഉപഭോക്താക്കൾക്ക് വർഷത്തിൽ ഒരു അന്താരാഷ്ട്ര യാത്രയ്ക്ക് സൗജന്യ റോമിങ് ലഭിക്കും. നിലവിലെ ആനുകൂല്യങ്ങൾക്ക് പുറമെയാണ് ഈ സൗകര്യം.

സൗജന്യ റോമിങ് പാക്കിൽ അഞ്ച് ദിവസത്തേക്ക് 5 ജിബി ഡാറ്റ, 60 മിനിറ്റ് കോളുകൾ, 25 ഔട്ട്ഗോയിങ് എസ്എംഎസുകൾ, സൗജന്യ ഇൻകമിങ് എസ്എംഎസുകൾ എന്നിവ ലഭിക്കും. യാത്രയ്ക്കിടെ ആവശ്യാനുസരണം അഞ്ച് ദിവസത്തെ പാക്ക് ആക്ടിവേറ്റ് ചെയ്യാം. കുടുംബ പോസ്റ്റ്പെയ്ഡ് പ്ലാനിലെ എല്ലാ അംഗങ്ങൾക്കും ആനുകൂല്യം ലഭിക്കും.

പുതിയ പ്ലാനുകളിൽ അൺലിമിറ്റഡ് ഡാറ്റയും കോളുകളും, സ്പാംതട്ടിപ്പ് തടയുന്നതിനുള്ള സുരക്ഷാ ഫീച്ചറുകളും ഉൾപ്പെടുന്നു. ആമസോൺ പ്രൈം, ജിയോ ഹോട് സ്റ്റാർ, നെറ്റ്ഫ്ലിക്സ്, ആപ്പിൾ മ്യൂസിക്, ആപ്പിൾ ഐ ക്ലൗഡ് പ്ലസ്,  ഗൂഗിൾ വൺ, എക്സ്ട്രീം പ്ലേ പ്രീമിയം, തുടങ്ങിയ സബ്സ്ക്രിപ്ഷനുകളും വിവിധ പ്ലാനുകൾക്കൊപ്പം ലഭിക്കും

499 വ്യക്തിഗത പ്ലാനിൽ അൺലിമിറ്റഡ് ഡാറ്റയും കോളുകളും, സുരക്ഷാ ഫീച്ചറുകൾ, എക്സ്ട്രീമ് പ്ലേ പ്രീമിയം, ഗൂഗിൾ വൺ എന്നിവ ലഭിക്കും. കുടുംബ പ്ലാനുകളിൽ 749 (2 അംഗങ്ങൾ), 1,049 (3 അംഗങ്ങൾ), 1,249/1,449 (4 അംഗങ്ങൾ), 1,799 (5 അംഗങ്ങൾ) എന്നീ ഓപ്ഷനുകളുണ്ട്. ഓരോ സിമ്മിനും വർഷത്തിൽ ഒരു സൗജന്യ അന്താരാഷ്ട്ര യാത്രയ്ക്കുള്ള റോമിങ് ആനുകൂല്യം ലഭിക്കും. നിലവിലെ എയർടെൽ പ്രീപെയ്ഡ്, പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് എയർടെൽ ആപ്പ് വഴിയോ സ്റ്റോർ സന്ദർശിച്ചോ പുതിയ പ്ലാനുകളിലേക്ക് അപ്ഗ്രേഡ് ചെയ്യാം. പുതിയ ഉപഭോക്താക്കൾക്കും ആപ്പ് വഴിയോ സ്റ്റോർ വഴിയോ പോസ്റ്റ്പെയ്ഡിലേക്ക് മാറാം.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

# സാമ്പത്തിക പ്രതിസന്ധി രൂക്ഷം; ചൈനയിൽ 670 ബാങ്കുകൾ പൂട്ടി

**ബെയ്ജിംഗ്:** വായ്പാവളർച്ച മന്ദഗതിയിലാകുകയും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തതോടെ ചൈനയിൽ 670 ബാങ്കുകൾ അടച്ചുപൂട്ടി.

പ്രധാനമായും ഗ്രാമീണ മേഖലകളിൽ പ്രവർത്തിച്ചിരുന്ന ചെറുകിട ബാങ്കുകളെയാണ് പ്രതിസന്ധി ബാധിച്ചിരിക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കിട്ടാക്കടം കുത്തനെ ഉയർന്നതാണ് ബാങ്കുകളുടെ തകർച്ചയ്ക്കു വഴിവച്ചത്. ചൈനയിൽ മന്ദഗതിയിലായ റിയൽ എസ്റ്റേറ്റ് മേഖലയ്ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വൻതോതിൽ വായ്പ നൽകിയതാണ് ഗ്രാമീണ ബാങ്കുകളെ പ്രതിസന്ധിയിലാക്കിയത്.

കടമെടുത്തവർ തിരിച്ചടവ് നടത്തുന്നില്ലെന്നു മാത്രമല്ല, പുതിയ വായ്പകൾ എടുക്കാൻ ആളുകൾ മുന്നോട്ടു വരുന്നതുമില്ല. ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പുതിയ വായ്പകളിൽ 22 ശതമാനത്തിൻറെ കുറവാണു രേഖപ്പെടുത്തിയത്. ഓഗസ്റ്റ് മാസത്തിൽ 50 ശതകോടി ഡോളറിന്റെ വായ്പാവളർച്ച പ്രതീക്ഷിച്ചിരുന്നിടത്ത് ഒന്പത് ശതകോടി ഡോളറിൻറെ വളർച്ച മാത്രമാണുണ്ടായത്. നിലവിൽ രാജ്യത്തെ ബാങ്കുകളുടെ ആകെ കടം 280 ട്രില്യൺ യുവാൻ (ഏകദേശം 41.7 ട്രില്യൺ യുഎസ് ഡോളർ) കവിഞ്ഞു.

# റിവൈവ് പദ്ധതി വിദ്യാർഥികൾക്ക് മുതൽക്കൂട്ടാകും: മന്ത്രി

**തിരുവനന്തപുരം:** അടിസ്ഥാന ഗണിതശേഷിയിലും മലയാളം, ഇംഗ്ലീഷ് ഭാഷാവിജ്ഞാനത്തിലും പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേക പിന്തുണ നൽകി മറ്റുള്ളവർക്കൊപ്പം എത്തിക്കുന്ന റിവൈവ് പദ്ധതി സംസ്ഥാനത്തെ വിദ്യാർഥികൾക്ക് മുതൽക്കൂട്ടാകുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ. ഭാഷാഗണിത ശേഷികൾ മെച്ചപ്പെടാതെ ഒരു കുട്ടിയെയും ഇനി ഏഴാം ക്ലാസിലേക്ക് ജയിപ്പിച്ചു വിടില്ലെന്നും മന്ത്രി പറഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷാ കേരളവും സംയുക്തമായി നടപ്പാക്കുന്ന റിവൈവ് പദ്ധതിയുടെ സംസ്ഥാനതല സാക്ഷാത്കാര പ്രഖ്യാപനം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് എച്ച് എസ് എസിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.



നൂറുദിന കർമപരിപാടിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച 16 പദ്ധതികളും നടപ്പിലാക്കിയതായി മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ എല്ലാ ഏകാധ്യാപക വിദ്യാലയങ്ങളും എൽ പി സ്കൂളുകളായി ഉയർത്തി. അധ്യാപകരുടെ ദീർഘകാല പ്രശ്നങ്ങൾ പരിഹരിച്ചു. ഹൈസ്കൂൾ തലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനം ആരംഭിച്ചതിനൊപ്പം എല്ലാ എൽ പി, യു പി സ്കൂളുകളിലും ഡിജിറ്റൽ സ്ക്വയറുകൾ സ്ഥാപിച്ചു. ഹയർ സെക്കൻഡറി തലത്തിൽ പുതിയ ബാച്ചുകൾ ആരംഭിച്ചു. കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന 'അക്വാഫിറ്റ്', ആദിവാസിതീരദേശ മേഖലകളിൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ എത്തിക്കുന്ന 'കൂടെ' പദ്ധതികളും നടപ്പാക്കി.

കേന്ദ്രഫണ്ട് ലഭിക്കുന്നതിൽ ചില കുറവുകളുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ ആവശ്യമായ സാമ്പത്തിക പിന്തുണയോടെ സമഗ്ര ശിക്ഷാ കേരളത്തിന്റെ പദ്ധതികൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുമെന്നും മന്ത്രി വ്യക്തമാക്കി.

ഭാവിയെ രൂപപ്പെടുത്തുന്നതിന് ഗണിതഭാഷാ അറിവുകൾക്ക് പ്രാധാന്യമുണ്ടെന്നും ആത്മവിശ്വാസത്തോടെ സംസാരിക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും ഇവ സഹായിക്കുമെന്നും പരിപാടിയിൽ അധ്യക്ഷനായ ആരോഗ്യവകുപ്പ് മന്ത്രി കെ മുരളീധരൻ പറഞ്ഞു.

എൽ പി, യു പി ക്ലാസ്സുകളിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം വിഷയങ്ങളിൽ കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുകയാണ് റിവൈവ് പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ ഭാവിപഠനത്തിലും കരിയറിലും കുട്ടികൾക്ക് ഏറെ മുന്നോട്ട് പോകാൻ അവസരമൊരുങ്ങും. പാഠ്യപദ്ധതി ചട്ടക്കൂടിനുള്ളിൽനിന്ന് കുട്ടികളിലെ പ്രത്യേക പഠന പിന്നാക്കാവസ്ഥകൾ തിരിച്ചറിയാനും ഫലപ്രദമായ ബോധനരീതികൾ നടപ്പിലാക്കാനും പഠനനേട്ടങ്ങൾ വിലയിരുത്താനും ക്ലാസ് റൂം തെളിവുകൾ അടിസ്ഥാനമാക്കി അധ്യാപന രീതികൾ നിരന്തരം മെച്ചപ്പെടുത്താനും പദ്ധതി ഉപകരിക്കും.

സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. കെ മോഹനകുമാർ, തിരുവനന്തപുരം എസ് പി ഒ ഇൻചാർജ് വി കെ അബ്ദുറഹിമാൻ, ജില്ലാ പ്രോജക്ട് കോർഡിനേറ്റർ പനവൂർ നിസാമുദീൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ബിജു ആർ, ഡയറ്റ് പ്രിൻസിപ്പൽ ഗീതാ നായർ, പട്ടം സെന്റ് മേരീസ് എച്ച്എസ്എസ് പ്രിൻസിപ്പൽ ഫാദർ നെൽസൺ വലിയവീട്ടിൽ, ഹെഡ്മാസ്റ്റർ റെജി ലൂക്കോസ്, പിടി എ പ്രസിഡന്റ് മനോജ് കെ ബി തുടങ്ങിയവർ സന്നിഹിതരായി.




# തദ്ദേശ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കണം: മന്ത്രി

**തിരുവനന്തപുരം:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പരമാവധി ഫലപ്രദമായും കാര്യക്ഷമമായും വിനിയോഗിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ. എം.ഷാജി പറഞ്ഞു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഷാജി.

ഓരോ പഞ്ചായത്തിലും ചൂണ്ടിക്കാണിക്കാനാകുന്നതും ഉല്പാദനക്ഷമവുമായ മികച്ച പദ്ധതികൾ ഉണ്ടാകണം. ഗ്രാമങ്ങളിൽ 'നഗരപഞ്ചായത്ത്' എന്ന ആശയം മുൻനിർത്തി ഫണ്ടുകൾ വിനിയോഗിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. 'ധനകാര്യ കമ്മിഷനും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും: വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തിലായിരുന്നു ശില്പശാല സംഘടിപ്പിച്ചത്.

ഗിഫ്റ്റ് ഹാളിൽ നടന്ന ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ അധ്യക്ഷത വഹിച്ചു.

നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ ചെയർമാൻ പ്രൊഫ. എം. എ. ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ഗിഫ്റ്റ് ഡയറക്ടർ പ്രൊഫ. കെ. ജെ. ജോസഫ്, ലോക്കൽ ഫിനാൻസ് സെൽ കോഓർഡിനേറ്റർ ഡോ. നിർമൽ റോയ് വി.പി എന്നിവർ പങ്കെടുത്തു.

വിവിധ സെഷനുകളിലായി നടന്ന ശില്പശാലയിൽ നയരൂപീകരണ വിദഗ്ധർ, ജനപ്രതിനിധികൾ, അക്കാദമിക് വിദഗ്ധർ, മുൻ ധനകാര്യ കമ്മിഷൻ അംഗങ്ങൾ തുടങ്ങിയ പ്രമുഖർ സംബന്ധിച്ചു.





# സംസ്ഥാനത്തെ തിരഞ്ഞെടുത്ത 30 കോളേജുകളെ ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** യുവതലമുറ ജീവിതത്തിലെ അവസരങ്ങളെ ലഹരിയാക്കണമെന്നും ലഹരിവസ്തുക്കൾ ജീവിതത്തിന്റെ ഭാഗമാക്കരുതെന്നും എക്സൈസ് വകുപ്പ് മന്ത്രി എം ലിജു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 30 കോളജുകളെ 'ഡ്രഗ് ഫ്രീ ക്യാമ്പസുകളായി' പ്രഖ്യാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായി എക്സൈസ് വകുപ്പും കോളേജ് വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന 'മയങ്ങില്ല കേരളം' ക്യാമ്പയിനോടനുബന്ധിച്ചായിരുന്നുഡ്രഗ് ഫ്രീ ക്യാമ്പസ് പ്രഖ്യാപനം.

ബോധവൽക്കരണം, എൻഫോഴ്സ്മെന്റ്, ഡിഅഡിക്ഷൻ, പുനരധിവാസം എന്നീ നാല് മേഖലകൾ കേന്ദ്രീകരിച്ചാണ് എക്സൈസ് വകുപ്പ് ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്നത്. കഴിഞ്ഞ 125 ദിവസത്തിനിടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 60000ത്തോളം കേസുകൾ രജിസ്റ്റർ ചെയ്തു. ലഹരി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി അറിയിക്കാൻ 'പീപ്പിൾസ് ഐ' മൊബൈൽ ആപ്പും കൗൺസലിങ്ങിനും വോളന്റിയർ രജിസ്ട്രേഷനുമായി 'മയങ്ങില്ല കേരളം' പോർട്ടലും സജ്ജമാക്കിയിട്ടുണ്ടെന്നും എല്ലാവരും ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് താലൂക്കുകളിലേക്കും വ്യാപിപ്പിക്കും. ചികിത്സയ്ക്ക് ശേഷം ലഹരിയിൽ നിന്ന് മുക്തരാകുന്നവരെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമെന്നും വ്യക്തിഗത പുനരധിവാസത്തിന് പരിഗണന നൽകുമെന്നും മന്ത്രി വ്യക്തമാക്കി. മികച്ച ആന്റി നാർക്കോട്ടിക് ക്ലബ്ബ് പ്രവർത്തനം നടത്തുന്ന മാർ ഇവാനിയോസ് കോളജിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു.

മയക്കുമരുന്ന് വ്യാപനത്തിന്റെ ഏറ്റവും വലിയ ഇരകൾ വിദ്യാർഥികളും ചെറുപ്പക്കാരുമാണെന്ന് മന്ത്രി റോജി എം. ജോൺ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. മയക്കുമരുന്നിനോട് പൂർണമായും 'നോ' പറയണമെന്നും സ്വന്തം ലക്ഷ്യങ്ങളെയും സ്വപ്നങ്ങളെയും ജീവിതത്തിലെ ലഹരിയാക്കി മാറ്റണമെന്നും അദ്ദേഹം പറഞ്ഞു. ക്യാമ്പസുകളെ 'ഡ്രഗ് ഫ്രീ' ക്യാമ്പസുകളാക്കി മാറ്റാനുള്ള ഉത്തരവാദിത്വം വിദ്യാർഥികൾ തന്നെ ഏറ്റെടുക്കണമെന്നും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നും മന്ത്രി ആഹ്വാനം ചെയ്തു.

തിരുവനന്തപുരം മാർ ഇവാനിയോസ്, ഗവ കോളേജ് നെടുമങ്ങാട്, കൊല്ലം എസ് എൻ കോളേജ്, സെന്റ് ഗ്രിഗോറിയസ് കൊട്ടാരക്കര, ആലപ്പുഴ സെന്റ് ജോസഫ്, പത്തനംതിട്ട സെന്റ് തോമസ്, കോട്ടയം സി എം എസ്, ഇടുക്കി ഗവ കോളേജ് മൂന്നാർ, ശാന്തിഗിരി തൊടുപുഴ, എറണാകുളം മഹാരാജാസ്, സെന്റ് തെരേസാസ്, പാലക്കാട് വിക്ടോറിയ, ഗവ കോളേജ് അട്ടപ്പാടി, തൃശൂർ സെന്റ് തോമസ്, വയനാട് സെന്റ് മേരീസ്, ഗവ എഞ്ചിനിയറിങ് മാനന്തവാടി, കോഴിക്കോട് ദേവഗിരി, ഫാറൂഖ്, കണ്ണൂർ നിർമ്മലഗിരി, കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജ്, കാസർകോട് ഗവ കോളേജ് തുടങ്ങി സംസ്ഥാനത്തെ പ്രധാനപ്പെട്ട 30 കോളേജുകളെയാണ് ആദ്യ ഘട്ടത്തിൽ ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിച്ചത്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ ചടങ്ങിൽ മന്ത്രിമാർ ആദരിച്ചു. മാർ ഇവാനിയോസ് കോളേജ് ഡ്രഗ് ഫ്രീ ക്യാമ്പസ് ബ്രാൻഡ് അംബാസഡറും ദേശീയ വോളിബോൾ താരവുമായ ഷോൺ ടി ജോൺ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

എക്സൈസ് കമ്മീഷണർ സീറാം സാംബശിവ റാവു സ്വാഗതം ആശംസിച്ചു. മാർ ഇവാനിയോസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. മീര ജോർജ്, ബർസാർ ഫാ. തോമസ് കയ്യാലയ്ക്കൽ, വാർഡ് കൗൺസിലർ ത്രേസ്യാമ്മ തോമസ്, ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ആർ ഗോപകുമാർ, ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ സന്നിഹിതരായി.



## വയോജനങ്ങൾക്ക് ബസിൽ റിസർവേഷൻ ഉറപ്പാക്കുമെന്ന് കെഎസ്ആർടിസി

**തിരുവനന്തപുരം:** കെഎസ്ആർടിസി ബസുകളിൽ വയോജനങ്ങൾക്കായി റിസർവ് ചെയ്ത സീറ്റുകൾ അവർക്ക് ലഭ്യമാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമെന്നും ബസുകളിൽ നിലവിലുള്ള ഓൺലൈൻ രജിസ്ട്രേഷനുകളിൽ വയോജനങ്ങൾക്കായി സീറ്റ് റിസർവ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുമെന്നും കെഎസ്ആർടിസി മാനേജിങ് ഡയറക്ടറുടെ ഉറപ്പ്. വയോജനസൗഹൃദമായി സ്വീകരിക്കേണ്ട പരിഷ്കരണ നടപടികളെ സംബന്ധിച്ച് സംസ്ഥാന വയോജന കമ്മിഷനുമായി നടത്തിയ ചർച്ചയിലാണ് കെഎസ്ആർടിസി എം ഡി ഡോ. പ്രമോജ് ശങ്കർ ഈ ഉറപ്പ് നൽകിയത്. കെഎസ്ആർടിസി ബസുകളിൽ വാതിൽപ്പടികളുടെ ഉയരം കുറയ്ക്കുന്നത് സംബന്ധിച്ചും വയോജനങ്ങൾക്കായി റിസർവ് ചെയ്തിരിക്കുന്ന സീറ്റുകളുടെ സ്ഥാനം ടയറിനു മുകളിൽ നിന്നും മാറ്റുന്നത് സംബന്ധിച്ചുമുള്ള നിർദേശം പരിശോധിക്കുമെന്നും കെഎസ്ആർടിസി അധികൃതർ വ്യക്തമാക്കി. യോഗത്തിൽ വയോജന കമ്മിഷൻ അംഗം അമരവിള രാമകൃഷ്ണൻ, കമ്മിഷൻ സെക്രട്ടറി ജി വിനോദ്, രജിസ്ട്രാർ ശാരദ ടി. ആർ എന്നിവർ പങ്കെടുത്തു.

## ആര്യനാട് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ജനങ്ങൾക്ക് സുതാര്യമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കി സർക്കാർ ഓഫീസുകൾ പൂർണമായും ജനസൗഹൃദമായി മാറണമെന്ന് റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ. നിർമാണം പൂർത്തിയായ ആര്യനാട് സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അനിൽകുമാർ.

റവന്യു വകുപ്പിന്റെ മുഖമാണ് വില്ലേജ് ഓഫീസുകളെന്ന് മന്ത്രി പറഞ്ഞു. സ്മാർട്ട് വില്ലേജുകൾ നിലവിൽ വരുന്നതോടെ പേരുമാറ്റമല്ല, മറിച്ച് പരമാവധി സേവനങ്ങൾ ഓഫീസുകളിൽ നേരിട്ടെത്താതെ തന്നെ ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം. ഓഫീസുകളിലെത്തുന്ന ജനങ്ങളുടെ ആവശ്യങ്ങൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കി നൽകണം. സേവനങ്ങൾക്കായി ജനങ്ങൾ ഇടനിലക്കാരെ ആശ്രയിക്കുന്ന സാഹചര്യം ഉണ്ടാകരുതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

45 ലക്ഷം രൂപ ചെലവഴിച്ചാണ് ആര്യനാട് സ്മാർട്ട് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടമൊരുക്കിയത്. 1080.95 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൽ വില്ലേജ് ഓഫീസറുടെ മുറി, ഫ്രണ്ട് ഓഫീസ്, വെയ്റ്റിംഗ് ഏരിയ, ഓഫീസ് മുറി, ഡൈനിംഗ് റൂം, ടോയ്ലെറ്റുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷി സൗഹൃദ റാമ്പും പ്രത്യേക ടോയ്ലെറ്റ് സൗകര്യവും ഇവിടെയൊരുക്കിയിട്ടുണ്ട്.

# ലഹരിക്കെതിരായ പോരാട്ടം: യുവശബ്ദം 2026 വിജയികളെ പ്രഖ്യാപിച്ചു



**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി എക്സൈസ് വകുപ്പും കോളേജ് വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച 'യുവശബ്ദം 2026' ലഹരിവിരുദ്ധ സംസ്ഥാനതല പ്രസംഗ മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കോട്ടയം, പാലാ സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥിനി ലിനു കെ. ജോസ് ഒന്നാം സ്ഥാനം നേടി. കോഴിക്കോട് ദേവഗിരി കോളേജിലെ ആൻസി വി .എ രണ്ടാം സ്ഥാനവും കണ്ണൂർ പയ്യന്നൂർ കോളേജിലെ ആദിത്യൻ സുനിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ട്രോഫിയും ക്യാഷ് പ്രൈസും സമ്മാനിച്ചു. തിരുവനന്തപുരം ബേക്കറി ജംഗ്ഷനിലെ ഗോർഖി ഭവനിൽ നടന്ന ഫിനാലെയിലും സമ്മാനദാന ചടങ്ങിലും 14 ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

ക്യാമ്പസുകളിൽ ലഹരിക്കെതിരായ പോരാട്ടത്തിൽ യുവാക്കളുടെ പങ്കാളിത്തവും അവരുടെ ശബ്ദവും ഏറെ പ്രധാനപ്പെട്ടതാണെന്ന് എക്സൈസ്, സഹകരണ വകുപ്പ് മന്ത്രി അഡ്വ. എം. ലിജു പറഞ്ഞു. ലഹരിവിരുദ്ധ സന്ദേശം കൂടുതൽ ശക്തമായി സമൂഹത്തിലെത്തിക്കുന്നതിന്റെ ഭാഗമായി പ്രസംഗ മത്സരത്തിൽ പങ്കെടുത്ത 14 ജില്ലകളിലെ പ്രതിനിധികളെ ലഹരിവിരുദ്ധ സന്ദേശത്തിന്റെ അംബാസഡർമാരായി പ്രഖ്യാപിച്ചു. ഇവർക്ക് മെമന്റോകളും കൈമാറി.

ക്യാമ്പസുകളിൽ ലഹരിക്കെതിരായ പ്രവർത്തനങ്ങളുടെ പ്രചാരകരായി മാറാൻ വിജയികൾക്ക് കഴിയട്ടെയെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ പറഞ്ഞു. എക്സൈസ് കമ്മീഷണർ സീറാം സാംബശിവ റാവു, എക്സൈസ്, കോളേജ് വിദ്യാഭ്യാസ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# കൂടുതൽ ടൂറിസം സർക്യൂട്ടുകൾ പരിഗണനയിൽ: മന്ത്രി പി.സി വിഷ്ണുനാഥ്

**കൽപ്പറ്റ:** സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച 'ബ്രാൻഡ് വയനാട്' പദ്ധതിയും ഉത്തരവാദിത്ത ടൂറിസം മിഷന്റെ പുതിയ ലൈഫ് എക്സ്പീരിയൻസ് ട്രെയിലുകളും ടൂറിസം, സിനിമ, സാംസ്കാരിക വകുപ്പ് മന്ത്രി പി.സി വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്തു.



രാജ്യത്തെ മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളുമായി മത്സരിക്കുന്നതിന് പകരം സഹകരിച്ചു പ്രവർത്തിക്കുക എന്ന നയമാണ് സർക്കാരിനുള്ളത്. ഇതിന്റെ ഭാഗമായി കൂർഗ്, മൈസൂരു, ശ്രീലങ്ക പോലുള്ള സമാനസാഹചര്യമുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി കൂടുതൽ ടൂറിസം സർക്യൂട്ടുകൾ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി.

തിരുനെല്ലി സർക്യൂട്ട്, ചേകാടി ഫാം സന്ദർശനം, കാപ്പി എക്സ്പീരിയൻസ് എന്നിവ ഉൾപ്പെടുന്ന ഗൈഡഡ് സഞ്ചാര പരിപാടിയ്ക്കാണ് മന്ത്രി തുടക്കം കുറിച്ചത്.

വയനാടിന്റെ പ്രകൃതിഭംഗി, കാർഷികപൈതൃക സവിശേഷതകൾ, സംസ്കാരം എന്നിവ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സമീപകാലത്തുണ്ടായ പ്രകൃതിദുരന്തം മേപ്പാടി പഞ്ചായത്തിലെ രണ്ട് വാർഡുകളെ (മുണ്ടക്കൈ, ചൂരൽമല) മാത്രമാണ് ബാധിച്ചതെന്നും ജില്ല മൊത്തത്തിൽ അപകടത്തിലാണെന്ന തരത്തിൽ തെറ്റായ പ്രചാരണങ്ങൾ നടത്തരുതെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കേരള ടൂറിസത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി ഈ വർഷത്തെ മൈസൂർ ദസറയിൽ കേരളത്തിന്റെ തനത് കലാരൂപങ്ങളും നിശ്ചലദൃശ്യങ്ങളും അണിനിരക്കും. അടുത്ത കൊല്ലം മുതൽ ഓണാഘോഷ പരിപാടികൾ മൈസൂർ ദസറയ്ക്ക് സമാനമായ പകിട്ടോട് കൂടി നടത്തുമെന്നും മന്ത്രി അറിയിച്ചു.

ദീർഘകാലമായിട്ടുള്ള ആവശ്യമായ ടൂറിസത്തിന് വ്യവസായ പദവി നൽകുന്നതിനുള്ള കരട് നയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഹോംസ്റ്റേ ഉടമകളെ മൂന്ന് ക്ലസ്റ്ററുകളായി തിരിച്ച് പ്രത്യേക പരിശീലനം നൽകും. സഞ്ചാരികളുടെ താമസദിവസങ്ങൾ വർധിപ്പിക്കുക, മലബാർ ടൂറിസത്തെ മുഖ്യധാരയിലെത്തിക്കുക, കെ.ടി.ഡി.സി സ്ഥാപനങ്ങളെ ലാഭകരമാക്കുക എന്നിവ സർക്കാരിന്റെ മുൻഗണനാ വിഷയങ്ങളാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ബ്രാൻഡ് വയനാട് എന്നത് വലിയൊരു ലക്ഷ്യത്തോടുകൂടിയ ലളിതമായൊരു ആശയമാണെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച കേരള ടൂറിസം ഡയറക്ടർ എം.അഞ്ജന പറഞ്ഞു. ഏക സ്വത്വമുള്ള വിനോദസഞ്ചാര കേന്ദ്രമായി ലോകം വയനാടിനെ കാണണമെന്നാണ് ആഗ്രഹിക്കുന്നത്. ടൂറിസത്തിലൂടെ ഇവിടെ ലഭിക്കുന്ന ഓരോ രൂപയും കർഷകനെയും കരകൗശല വിദഗ്ദ്ധനെയും ഗോത്ര കുടുംബങ്ങളെയും വയനാടിനെ സ്വന്തം ഭവനമായി കാണുന്ന യുവ സംരംഭകരെയുമെല്ലാം ശാക്തീകരിക്കണമെന്ന ലക്ഷ്യമാണിതിനുള്ളതെന്നും ടൂറിസം ഡയറക്ടർ പറഞ്ഞു.

മാനന്തവാടി എം എൽ എ ഉഷാ വിജയൻ, കേരള ടൂറിസം അഡി. ഡയറക്ടർ (ജനറൽ) സുമിത് കുമാർ താക്കൂർ, വൈത്തിരി പഞ്ചായത്ത് പ്രസിഡന്റ് സി.വി രാജൻ, വൈസ് പ്രസിഡന്റ് വത്സല സദാനന്ദൻ, വാർഡ് മെമ്പർ സിനി ജോജി തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ബ്രാൻഡ് വയനാട്' പരിപാടിയുടെ ഭാഗമായി വിദഗ്ധർ നയിക്കുന്ന പ്രഭാഷണങ്ങളും നടന്നു. പ്രകൃതിയും വന്യജീവി വൈവിധ്യവും' എന്ന വിഷയത്തിൽ എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ബയോഡൈവേഴ്സിറ്റി ലീഡ് സനീഷ് സി. എസും, 'സംസ്കാരം' എന്ന വിഷയത്തിൽ സാഹിത്യ അക്കാദമി ചെയർമാൻ കൽപ്പറ്റ നാരായണനും, 'കരകൗശലം' എന്ന വിഷയത്തിൽ ഉറവ് ഇൻഡിജിനസ് സയൻസ് & ടെക്നോളജി സ്റ്റഡി സെന്റർ സാമൂഹിക പ്രവർത്തകൻ ടി. ശിവരാജും സംസാരിച്ചു.

വയനാടിനെ സുരക്ഷിതവും സുസ്ഥിരവുമായ ആഗോള വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിനുള്ള ഉത്തരവാദിത്ത ടൂറിസം നയങ്ങളും ഹോംസ്റ്റേ നവീകരണവും പദ്ധതി ഉറപ്പാക്കും. വയനാട് കോഫി, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗത നെല്ലിനങ്ങൾ, തേൻ തുടങ്ങിയ ഉൽപ്പന്നങ്ങൾക്കൊപ്പം പ്രാദേശിക പാചകരീതികൾ, കാർഷിക ജീവിതം, ഗോത്രപൈതൃകം, ഗ്രാമീണ അനുഭവങ്ങൾ എന്നിവയും ടൂറിസവുമായി ബന്ധിപ്പിക്കും.

ഭൗമസൂചികാ പദവിയുള്ള 'വയനാട് റോബസ്റ്റ കോഫി'യെ 'ഫാം ടു കപ്പ്' മാതൃകയിൽ ആഗോള വിപണിയിൽ പ്രീമിയം ബ്രാൻഡായി അവതരിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്.

തനത് ഗോത്ര സംസ്കാര സംരക്ഷണത്തിനായി 'എൻ ഊര്' പൈതൃക ഗ്രാമം വിപുലീകരിക്കുന്നതിനൊപ്പം 50 കോടി രൂപ ചെലവിൽ ട്രൈബൽ സർവകലാശാലയും പൈതൃക വിജ്ഞാന മേഖലയും സ്ഥാപിക്കും. ഇതോടൊപ്പം കോർപ്പറേറ്റ് പങ്കാളിത്തം ഉറപ്പാക്കുന്ന 'വയനാട് സി.എസ്.ആർ എക്സ്ചേഞ്ച്' (ഭൂമി പോർട്ടൽ), പരിസ്ഥിതി സംരക്ഷണത്തിനായുള്ള 'ഇമാലിന്യ മുക്ത ഡ്രൈവ്' എന്നിവയും ബ്രാൻഡ് വയനാടിന്റെ ഭാഗമായി നടപ്പിലാക്കും.

കർട്ടൻ റൈസർ പരിപാടിയുടെ ഭാഗമായി രണ്ട് ദിവസങ്ങളിലും പൊതുജനങ്ങൾക്കായി രാവിലെ 10:00 മുതൽ വൈകുന്നേരം 5:00 വരെ 'എൻ ഊര്' ലൈവ് എക്സ്പീരിയൻസ് സോൺ പ്രവർത്തിക്കുന്നുണ്ട്.

ഗോത്രവർഗ്ഗക്കാരുടെ തനത് ജീവിതരീതികൾ, ഗോത്ര ഭക്ഷണമേള, പൈതൃകകരകൗശല പ്രദർശനം, കമ്മ്യൂണിറ്റി അനുഭവങ്ങൾ എന്നിവ സന്ദർശകർക്ക് നേരിട്ടറിയാൻ അവസരമുണ്ട്.

# ബ്രാൻഡ് വയനാട് പ്രഖ്യാപന വേദിയിൽ നിർദ്ദേശങ്ങളുമായി വിദഗ്ധർ

**കൽപറ്റ:** സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച 'ബ്രാൻഡ് വയനാട്' പദ്ധതിയുടെ പ്രഖ്യാപന വേളയിൽ വയനാട് ടൂറിസത്തിന്റെ സമഗ്ര വളർച്ചയ്ക്ക് സഹായിക്കുന്ന നിർദ്ദേശങ്ങൾ നൽകി വിദഗ്ധർ. അനുഭവവേദ്യ ടൂറിസത്തിന്റെ സാധ്യതകൾ, ടൂറിസം ഡാറ്റാ സർവേ, ജൈവവൈവിധ്യം തുടങ്ങിയ കാര്യങ്ങൾ ഈ വളർച്ചയ്ക്ക് സഹായകരമാകുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു.




വയനാട്ടിന്റെ ടൂറിസം സാധ്യതയെക്കുറിച്ചുള്ള ഡാറ്റ കൃത്യമല്ലെന്ന് ഉറവ് ഇക്കോലിങ്ക്സ് എംഡി ടി. ശിവരാജു ചൂണ്ടിക്കാട്ടി. ടൂറിസത്തിന് വ്യവസായപദവി നൽകുമ്പോൾ ഡാറ്റ കൃത്യമായിരിക്കണം. ടൂറിസം മേഖലയിൽ നിക്ഷേപം വരുന്നത് വയനാടിന് പുറത്തു നിന്നാണ്. പ്രാദേശിക വികസനത്തിന്റെ സാധ്യതകൾ കൂടി പരിശോധിക്കണം. ഹോംസ്റ്റേകൾക്ക് പകരം സർവീസ് വില്ല സംസ്ക്കാരമാണ് വളർന്നുവരുന്നത്. ഇത്തരം ഡാറ്റ ഉൾപ്പെടുത്തിയുള്ള ആധികാരിക സർവേ വേണമെന്നും അദ്ദേഹം പറഞ്ഞു.

വയനാട്ടിലെ ജൈവവൈവിദ്ധ്യം ടൂറിസത്തിൽ കൂടുതലായി ഉപയോഗപ്പെടുത്തണമെന്ന് എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ബയോഡൈവേഴ്സിറ്റി ലീഡ് സനീഷ് സി. എസ് പറഞ്ഞു. ജൈവ വൈവിദ്ധ്യം തേടുന്ന ടൂറിസ്റ്റുകളെ പ്രത്യേകം ആകർഷിക്കാൻ സാധിക്കണം. പ്രത്യേക ഭൂപ്രകൃതി കാരണം വയനാട്ടിലെ ജൈവവൈവിധ്യത്തിന് ഏറെ വ്യത്യസ്തതയുണ്ടെന്ന് അദ്ദേഹ ഉദാഹരണ സഹിതം വ്യക്തമാക്കി.

വയനാടിന്റെ ടൂറിസം സാധ്യതകൾ ആകർഷകമാകുമ്പോൾ ഇവിടുത്തെ സ്വത്വം നഷ്ടമാകരുതെന്ന് സാഹിത്യ അക്കാദമി ചെയർമാനും എഴുത്തുകാരനുമായ കൽപറ്റ നാരായണൻ അഭിപ്രായപ്പെട്ടു. ഹിമാലയത്തിൽ പോലുമില്ലാത്ത ജൈവവൈവധ്യമാണിവിടെയുള്ളത്. വയനാടിന്റെ വായുവിൽ പോലും ഔഷധഗുണമുണ്ട്. രാജ്യത്തെ ജൈവവൈവിധ്യത്തിന്റെ സമഗ്ര ദർശനമാണ് വയനാട്ടിലുള്ളതെന്നും അദ്ദേഹം പറഞ്ഞു.

വാട്ട് നെക്സ്റ്റ് ഫോർ ബ്രാൻഡ് വയനാട് എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ സി.ജി.എച്ച്. എർത്ത് എക്സ്പീരിയൻസ് ജനറൽ മാനേജർ ഡേവിഡ് രാജു, പ്ലാന്റേഷൻ വിദഗ്ദ്ധൻ പ്രശാന്ത് രാജേഷ്, ആർക്കിടെക്റ്റും ടൂറിസം കൺസൾട്ടന്റുമായ സിബിരാജ് രവീന്ദ്രൻ, ബി.ബി. വോയേജ് പ്രൈവറ്റ് ലിമിറ്റഡ് സഹസ്ഥാപകനും ഓപ്പറേഷണൽ ഡയറക്ടറുമായ രഘു നാരായണ സ്വാമി, പുൽപ്പള്ളി പഴശ്ശിരാജ കോളേജ് ട്രാവൽ ആൻഡ് ടൂറിസം അസിസ്റ്റന്റ് പ്രൊഫസർ സനൂപ് കുമാർ പി.വി., ഉത്തരവാദിത്ത ടൂറിസം പ്രവർത്തകനും സസ്റ്റെയിനബിൾ ടൂറിസം കൺസൾട്ടന്റുമായ സുമേഷ് മംഗലശ്ശേരി, എന്നിവർ പങ്കെടുത്തു. കെ.ടി.എം. അംഗം വാഞ്ചീശ്വരൻ മോഡറേറ്ററായിരുന്നു.

വയനാടിന്റെ ജൈവവൈവിധ്യം കർശനമായി പരിപാലിക്കാൻ ടൂറിസം വ്യവസായം പ്രതിജ്ഞാബദ്ധമാകണമെന്ന് ഡേവിഡ് രാജു പറ!ഞ്ഞു.

തോട്ടം മേഖലയുടെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്താൻ നയപരവും നിയമപരവുമായ പിന്തുണ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് പ്രശാന്ത് രാജേഷ് ചൂണ്ടിക്കാട്ടി. ഭൂനിമയത്തിലെ സങ്കീർണതകൾ അടിസ്ഥാനമാക്കി വയനാട്ടിലെ നിക്ഷേപ സാധ്യതകളിൽ കൂടുതൽ വ്യക്തത വേണമെന്ന് സിബിരാജ് രവീന്ദ്രൻ പറഞ്ഞു. വയനാടിന്റെ ഭാവി ഹോംസ്റ്റേകളിലാണെന്ന് രഘു നാരായണ സ്വാമി പറഞ്ഞു. ടൂറിസം പഠനത്തിൽ നൈപുണ്യവികസനത്തിന് പ്രാധാന്യം ലഭിക്കാൻ അക്കാദമിക് രീതികൾ മാറ്റേണ്ടതുണ്ടെന്ന് സനൂപ് കുമാർ പി.വി പറഞ്ഞു.

ഇക്കാര്യത്തിൽ സർക്കാരിന്റെ ഉത്തരവ് ആവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കാലാവസ്ഥാ നിരീക്ഷണം കർശനമാക്കാനും അതു വഴി നിയന്ത്രണങ്ങൾ ദുരന്ത മേഖലയിലേക്ക് മാത്രമായി ചുരുക്കാൻ സാധിക്കുമെന്ന് സുമേഷ് മംഗലശ്ശേരി പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഒരു ലക്ഷം പേർക്ക് ജീവൻരക്ഷാ പരിശീലനം നൽകാൻ ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ




**ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ഗ്രൂപ്പ് സി.എം.എസ്.ഒ. രാമസുബ്രഹ്മണ്യം എ., ബി.എം.എച്ച് കോഴിക്കോട് എമർജൻസി ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. ഫാബിത്ത് മൊയ്തീൻ, ഗ്രൂപ്പ് ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അനൂപ് വാര്യർ, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽസ് ഡയറക്ടർ ഡോ. വിനീത് എബ്രഹാം, ഫോഴ്സ കൊച്ചി പ്രസിഡന്റും ഡയറക്ടറുമായ നസ്ലി മുഹമ്മദ്, സെക്രട്ടറിയും ഡയറക്ടറുമായ ഷമീം ബക്കർ, പരിശീലകൻ വിറ്റൽ ബോർക്കൽമാൻസ്, സി.ഇ.ഒ. അംബ്രിഷ് എന്നിവർ 'ലൈഫ്‌ലൈനർ 365' പദ്ധതി പ്രഖ്യാപിക്കുന്ന ചടങ്ങിൽ.**

**കൊച്ചി:** ആരോഗ്യരംഗത്തെയും ഫുട്ബോളിനെയും ഒന്നിപ്പിച്ച് കൂടുതൽ ആളുകളെ അടിയന്തര സാഹചര്യങ്ങളിൽ ജീവൻരക്ഷാ ഇടപെടലുകൾക്ക് പ്രാപ്തരാക്കാൻ ബേബി മെമ്മോറിയൽ ഹോസ്പിറ്റലും (ബി.എം.എച്ച്) കേരള സൂപ്പർ ലീഗ് ഫുട്ബോൾ ക്ലബായ ഫോഴ്സ കൊച്ചിയും ഒന്നിക്കുന്നു. 'ലൈഫ്‌ലൈനർ 365' (LifeLinER 365) എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയിലൂടെ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം ആളുകൾക്ക് പ്രഥമശുശ്രൂഷാ പരിശീലനം നൽകുവാനാണ് ലക്ഷ്യമിടുന്നത്.

ബി.എം.എച്ചും ഫോഴ്സ കൊച്ചിയും സംയുക്തമായി കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിലാണ് പുതിയ പദ്ധതി പ്രഖ്യാപിച്ചത്. ബി.എം.എച്ച് ഡയറക്ടർ ഡോ. വിനീത് എബ്രഹാം, ബി.എം.എച്ച് കോഴിക്കോട് എമർജൻസി ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. ഫാബിത്ത്, ഫോഴ്സ കൊച്ചി പ്രസിഡന്റും ഡയറക്ടറുമായ നസ്ലി മുഹമ്മദ്, സെക്രട്ടറിയും ഡയറക്ടറുമായ ഷമീം ബക്കർ, ഫോഴ്സ കൊച്ചി പരിശീലകൻ വിറ്റൽ ബോർക്കൽമാൻസ് എന്നിവർ പങ്കെടുത്തു.

അടിസ്ഥാന പ്രഥമ ശുശ്രൂഷ, സി.പി.ആർ, ചോക്കിങ് (ശ്വാസതടസ്സം) നേരിടാനുള്ള ജീവൻരക്ഷാ മാർഗങ്ങൾ എന്നിവയ്ക്കൊപ്പം ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയ അത്യാഹിതങ്ങൾ തിരിച്ചറിഞ്ഞ് കൃത്യസമയത്ത് ഇടപെടാനുള്ള പരിശീലനവും പദ്ധതിയുടെ ഭാഗമായി നൽകും. ഫോഴ്സ കൊച്ചിയിലെ കളിക്കാരും ഹെഡ് കോച്ചും 'ലൈഫ്‌ലൈനർ 365' പദ്ധതിക്ക് പൂർണ പിന്തുണ നൽകും.

ഫോഴ്സ കൊച്ചി ഫുട്ബോൾ ക്ലബിന്റെ കളിക്കാർ, പരിശീലകർ, ആരാധകർ എന്നിവർക്ക് പ്രഥമശുശ്രൂഷാ പരിശീലനം നൽകും. ക്ലബ്ബിന്റെ മത്സര വേദികളും ഇതിനായി ഉപയോഗപ്പെടുത്തും. മത്സര ദിവസങ്ങളിൽ ലൈഫ്‌ലൈനർ ഫാൻ സോണുകളും അടിയന്തര പ്രതികരണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും സംഘടിപ്പിക്കും. ഇതിലൂടെ ഫുട്ബോൾ ആരാധകർക്ക് അടിയന്തര ആരോഗ്യ സാഹചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കണമെന്ന് നേരിട്ട് മനസ്സിലാക്കാനും പരിശീലിക്കാനും കഴിയും.

വിദ്യാർത്ഥികളും അധ്യാപകരുമടക്കം സമൂഹത്തിലെ വിവിധ തുറകളിലുള്ളവരിലേക്ക് ജീവൻരക്ഷാ പരിശീലനം എത്തിക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ, ഓഫീസുകൾ, പൊതുവേദികൾ എന്നിവ കേന്ദ്രീകരിച്ചും പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

പരിശീലനം നേടുന്നവരുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനും ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം ആളുകൾക്ക് പരിശീലനം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനും 'ലൈഫ്‌ലൈനർ 365' എന്ന പ്രത്യേക കൗണ്ടർ പ്രവർത്തിക്കും.

സാധാരണക്കാർ ഉൾപ്പെടെ കൂടുതൽ ആളുകളിലേക്ക് അടിയന്തര രക്ഷാപ്രവർത്തന പരിശീലനം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'ലൈഫ്‌ലൈനർ' പദ്ധതി ആരംഭിച്ചതെന്ന് ബി.എം.എച്ച് ഡയറക്ടർ ഡോ. വിനീത് എബ്രഹാം പറഞ്ഞു.

ആർക്കും എവിടെവെച്ചും അടിയന്തര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാം. അത്തരത്തിലുള്ള സാഹചര്യങ്ങളിൽ ആദ്യത്തെ ഏതാനും മിനിറ്റുകൾ ജീവൻ രക്ഷിക്കാൻ അതിനിർണായകമാണ്. കേരളത്തിന്റെ പ്രിയപ്പെട്ട ക്ലബ്ബായ ഫോഴ്സ കൊച്ചിയുമായുള്ള പങ്കാളിത്തത്തിലൂടെ ഈ പദ്ധതി കൂടുതൽ വലിയൊരു തലത്തിലേക്ക് വ്യാപിപ്പിക്കുകയാണ്.

കളിക്കാർ, കോച്ചുകൾ, സപ്പോർട്ടിങ് സ്റ്റാഫ്, ഒപ്പം ആയിക്കണക്കിന് ആരാധകർ എന്നിവരിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ ഈ പങ്കാളിത്തം വഴി സാധിക്കും. അടിയന്തര സാഹചര്യങ്ങൾ തിരിച്ചറിയാനും, കൃത്യമായ രീതിയിൽ പ്രതികരിക്കാനും, വിദഗ്ധമായ ചികിത്സ ലഭിക്കുന്നത് വരെ ആവശ്യമായ സഹായം നൽകാനും കഴിയുന്ന ഒരു വലിയ സമൂഹത്തെ വാർത്തെടുക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. ഒരു ലക്ഷം പേർക്ക് പരിശീലനം നൽകുക എന്നത് വലിയൊരു ലക്ഷ്യമാണെങ്കിലും, ഈ കൂട്ടായ്മയിലൂടെ സമൂഹത്തിന്റെ സുരക്ഷാ ഒരുക്കങ്ങളിൽ വലിയൊരു മാറ്റം സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന് ഡോ. വിനീത് എബ്രഹാം കൂട്ടിച്ചേർത്തു.

ബി.എം.എച്ചുമായി ചേർന്ന് പ്രവർത്തിക്കുന്നതിലൂടെ, ഫോഴ്സ കൊച്ചിയുടെ സ്വാധീനം ഉപയോഗിച്ച് നിർണായക ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കാൻ കളിക്കാരെയും ജീവനക്കാരെയും ആരാധകരെയും പ്രാപ്തരാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ഫോഴ്സ കൊച്ചി സെക്രട്ടറിയും ഡയറക്ടറുമായ ഷമീം ബക്കർ പറഞ്ഞു. ഇതിലൂടെ കൂടുതൽ സുരക്ഷിതവും ഉത്തരവാദിത്തമുള്ളതുമായ ഒരു ഫുട്ബോൾ സമൂഹം കേരളത്തിൽ വാർത്തെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

'ലൈഫ്‌ലൈനർ' പദ്ധതിയുടെ ഭാഗമായി ഒരു വർഷത്തിനിടയിൽ സ്കൂളുകളും കോളേജുകളും കമ്മ്യൂണിറ്റി സെന്ററുകളും അടക്കം 400 അധികം സർക്കാർസ്വകാര്യ സ്ഥാപനങ്ങളിൽ ജീവൻരക്ഷാ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിലൂടെ ഇതിനകം 35,000ത്തിലധികം ആളുകൾക്ക് പരിശീലനം നൽകാൻ കഴിഞ്ഞു. ഈ മുൻകാല അനുഭവങ്ങളും പ്രവർത്തന വ്യാപ്തിയുമാണ് കൂടുതൽ വിപുലമായ 'ലൈഫ്‌ലൈനർ 365' പദ്ധതി നടപ്പാക്കാൻ ബി.എം.എച്ചിന് ആത്മവിശ്വാസം നൽകുന്നത്.

## ഐ.എസ്.ബിക്ക് കാൽനൂറ്റാണ്ടിന്റെ മികവ്

# പ്രതിവർഷം 250 സ്കോളർഷിപ്പുകളും ദേശീയ ഗവേഷണ പ്ലാറ്റ്ഫോമും പ്രഖ്യാപിച്ചു

**കൊച്ചി:** പ്രമുഖ മാനേജ്മെന്റ് സ്ഥാപനമായ ഇന്ത്യൻ സ്കൂൾ ഓഫ് ബിസിനസ് തങ്ങളുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'ഐഎസ്ബി@25' കർമ്മപദ്ധതി പ്രഖ്യാപിച്ചു. ഫിനാൻഷ്യൽ ടൈംസ് ആഗോള എംബിഎ റാങ്കിംഗ്സ് 2026ൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തും ആഗോളതലത്തിൽ 12ാം സ്ഥാനത്തുമുള്ള ഐ.എസ്.ബി, മാനേജ്മെന്റ് വിദ്യാഭ്യാസം കൂടുതൽ പ്രാപ്യമാക്കുന്നതിനും രാജ്യത്തിന്റെ ഗവേഷണഅധ്യാപന അടിത്തറ ശക്തിപ്പെടുത്തുന്നതിനുമാണ് ഈ സംരംഭങ്ങൾ ലക്ഷ്യമിടുന്നത്.

'ഐഎസ്ബി25 സ്കോളേഴ്സ് പ്രോഗ്രാമി'ലൂടെ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം ഇൻ മാനേജ്മെന്റ്, യുവസാരഥികൾക്കായുള്ള പ്രോഗ്രാം എന്നിവയിലെ പ്രവേശനത്തിന് ഇനി മുതൽ ഓരോ വർഷവും 250 സ്കോളർഷിപ്പുകൾ അനുവദിക്കും. മെറിറ്റും സാമ്പത്തിക ആവശ്യകതയും പരിഗണിച്ച് 25% മുതൽ 100% വരെ ട്യൂഷൻ ഫീസ് ഇളവോടെയാണ് ഈ സ്കോളർഷിപ്പുകൾ ലഭ്യമാക്കുക. സാമ്പത്തികവും സാമൂഹികവുമായി വൈവിധ്യമാർന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള മികവുറ്റ പ്രതിഭകൾക്ക് ലോകോത്തര ബിസിനസ് വിദ്യാഭ്യാസം ഉറപ്പാക്കാൻ ഇത് സഹായിക്കും.

ഇതോടൊപ്പം, രാജ്യത്തെ ഗവേഷകർക്കായി സവിശേഷ വിവരശേഖരങ്ങളും നിർമ്മിതബുദ്ധി അധിഷ്ഠിത ഗവേഷണ ഉപകരണങ്ങളും ഒരുക്കുന്ന 'ഇന്ത്യ റിസർച്ച് കോമൺസ്' എന്ന ദേശീയ പ്ലാറ്റ്ഫോമിനും ഐ.എസ്.ബി തുടക്കം കുറിക്കും. കൂടാതെ, തങ്ങളുടെ നൂതന അധ്യാപന രീതികളും സാങ്കേതികവിദ്യാധിഷ്ഠിത ബോധന സമ്പ്രദായങ്ങളും രാജ്യത്തെ മറ്റ് മാനേജ്മെന്റ് സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കാനായി ദേശീയ അധ്യാപക ശാക്തീകരണ പദ്ധതിയും നടപ്പിലാക്കും. വിദ്യാഭ്യാസ മികവ് കൂടുതൽ പേരിലേക്ക് എത്തിക്കുക, വിജ്ഞാന വിനിമയം കാര്യക്ഷമമാക്കുക, രാജ്യത്തെ അക്കാദമിക് സമൂഹത്തിന് സമഗ്ര പിന്തുണ ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യമെന്ന് ഐ.എസ്.ബി ഡീൻ പ്രൊഫസർ മദൻ പില്ലുട്ല വ്യക്തമാക്കി. 2001ൽ സ്ഥാപിതമായതു മുതൽ 65ലധികം രാജ്യങ്ങളിലായി 20,000ത്തിലേറെ പൂർവ്വ വിദ്യാർത്ഥികളുള്ള ഐ.എസ്.ബി, സമകാലിക തൊഴിൽ വിപണിക്ക് അനുയോജ്യമായ മാറ്റങ്ങളോടെ പാഠ്യപദ്ധതിയിലും തുടർച്ചയായ പരിഷ്കാരങ്ങൾ വരുത്തിവരുന്നുണ്ട്.

## ശുദ്ധജല മത്സ്യങ്ങളിലും മൈക്രോപ്ലാസ്റ്റിക്; കേരളത്തിനും മുന്നറിയിപ്പ്



**പൂനെ:** കടൽമത്സ്യങ്ങളിൽ മാത്രമല്ല, ശുദ്ധജല മത്സ്യങ്ങളിലും മൈക്രോപ്ലാസ്റ്റിക് മലിനീകരണത്തിന്റെ സാന്നിധ്യം കണ്ടെത്തിയത് മത്സ്യം വ്യാപകമായി ഉപയോഗിക്കുന്ന കേരളത്തിലും ആശങ്ക ഉയർത്തുന്നു. പൂനെയിലെ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിലാണ് റോഹു, തിലാപ്പിയ തുടങ്ങിയ സാധാരണ ഉപയോഗിക്കുന്ന ശുദ്ധജല മത്സ്യങ്ങളിൽ മൈക്രോപ്ലാസ്റ്റിക് കണങ്ങൾ കണ്ടെത്തിയത്. മത്സ്യങ്ങളിലെ നാരുകൾ, കഷണങ്ങൾ, പെല്ലറ്റുകൾ തുടങ്ങിയ മൈക്രോപ്ലാസ്റ്റിക് കണങ്ങളാണ് പരിശോധനയിൽ കണ്ടെത്തിയത്.

കേരളത്തിലെ മത്സ്യങ്ങളിൽ മൈക്രോപ്ലാസ്റ്റിക് സാന്നിധ്യം ഈ പഠനം പരിശോധിച്ചിട്ടില്ലെങ്കിലും, മത്സ്യ ഉപഭോഗം കൂടുതലുള്ള സംസ്ഥാനമായ കേരളത്തിലും ശുദ്ധജല ആവാസവ്യവസ്ഥകളിലെ പ്ലാസ്റ്റിക് മലിനീകരണം നിരീക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പഠനം ചൂണ്ടിക്കാട്ടുന്നു.

പൂനെയിലെ 26 മൊത്തവ്യാപാരികളെയും വിതരണക്കാരെയും കേന്ദ്രീകരിച്ച പഠനത്തിൽ പ്രതിദിനം 37–40 ടൺ ശുദ്ധജല മത്സ്യം നഗരത്തിലെത്തുന്നതായും കണ്ടെത്തി. ആഴ്ചയിൽ രണ്ടുതവണ 250 ഗ്രാം വീതം മത്സ്യം കഴിക്കുന്ന ഒരാൾക്ക് 50 വർഷത്തിനിടെ 93,600 മുതൽ 1,24,800 വരെ മൈക്രോപ്ലാസ്റ്റിക് കണങ്ങൾ ശരീരത്തിലെത്താൻ സാധ്യതയുണ്ടെന്നാണ് പഠനത്തിന്റെ പ്രാഥമിക വിലയിരുത്തൽ. ആരോഗ്യപ്രത്യാഘാതങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമാണെന്നും ഗവേഷകർ വ്യക്തമാക്കി.




# ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിഫൈഡ് മെഴ്സിഡസ് മെയ്ബാക്ക് എസ് 580ഇ പുറത്തിറക്കി

## വില 3.35 കോടി രൂപ

**കൊച്ചി:** ആഡംബര വാഹന വിപണിയിൽ പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച് രാജ്യത്തെ ആദ്യത്തെ ഇലക്ട്രിഫൈഡ് മെഴ്സിഡസ്മെയ്ബാക്ക് എസ് 580ഇ മോഡൽ ഇന്ത്യയിൽ അവതരിപ്പിച്ചു. പ്ലഗ്ഇൻഹൈബ്രിഡ് സാങ്കേതികവിദ്യയും ആഡംബരവും ഒരുമിക്കുന്ന ഈ വാഹനത്തിന്റെ എക്സ്ഷോറൂം വില 3.35 കോടി രൂപയാണ്. ആദ്യഘട്ടത്തിൽ 30 എക്സ്ക്ലൂസീവ് യൂണിറ്റുകൾ മാത്രമാണ് ഇന്ത്യയിൽ ലഭ്യമാക്കിയിട്ടുള്ളത്.

3.0 ലിറ്റർ പെട്രോൾ പ്ലഗ്ഇൻ ഹൈബ്രിഡ് എഞ്ചിനും 4മാറ്റിക് സാങ്കേതികവിദ്യയുമാണ് ഈ പുതിയ വാഹനത്തിന് കരുത്തേകുന്നത്. സംയോജിതമായി 585 എച്ച്പി കരുത്തും 750 എൻഎം ടോർക്കും ഉത്പാദിപ്പിക്കാൻ ഈ വാഹനത്തിന് സാധിക്കും. പൂർണ്ണമായും വൈദ്യുതിയിൽ പ്രവർത്തിക്കുമ്പോൾ ഒറ്റ ചാർജിൽ ഏകദേശം 100 കിലോമീറ്റർ വരെ സഞ്ചരിക്കാനാകും. 11 കിലോവാട്ട് എസി ചാർജിംഗും 60വാട്ടിന്റെ ഡിസി ഫാസ്റ്റ് ചാർജിംഗും സാധിക്കും. 15 എയർബാഗുകൾ, പ്രീസേഫ് സംവിധാനം, അഡാസ് ലെവൽ 2 ഡ്രൈവ് അസിസ്റ്റ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. 4.8 സെക്കന്റിൽ 100 കിലോമീറ്റർ വേഗത കൈവരിക്കുന്ന ഈ വാഹനത്തിന്റെ പരമാവധി വേഗം മണിക്കൂറിൽ 250 കിലോമീറ്ററാണ്.

31 സ്പീക്കറുകളും 1,610 വാട്ട്സ് ഔട്ട്പുട്ടുമുള്ള ബർമെസ്റ്റർ 4ഡി സറൗണ്ട് സൗണ്ട് സിസ്റ്റമാണ് വാഹനത്തിലുള്ളത്. എക്സിക്യൂട്ടീവ് സീറ്റുകൾ, വയർലെസ് ചാർജിംഗ്, മസാജ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന ഫസ്റ്റ് ക്ലാസ് സീറ്റിംഗാണ് പിന്നിലേത്. ലിറ്ററിന് 34.48 കിലോമീറ്റർ ഇന്ധനക്ഷമതയാണ് കമ്പനി അവകാശപ്പെടുന്നത്. മനുഫാക്ചർ എക്സ്ക്ലൂസീവ് നാപ്പ ലെതർ ഉപയോഗിച്ചുള്ള മികച്ച ഇന്റീരിയർ ഡിസൈനും, ക്ലൗഡ് അധിഷ്ഠിതമായ എയർമാറ്റിക് സസ്പെൻഷനും വാഹനത്തിന്റെ യാത്രാസുഖം വർദ്ധിപ്പിക്കുന്നു. എംബി. ഡ്രൈവർ അസിസ്റ്റ് സാങ്കേതികവിദ്യയും വാഹനത്തിലുണ്ട്.

മികച്ച ആഡംബര വാഹനങ്ങൾ നൽകുയെന്ന തങ്ങളുടെ ലക്ഷ്യത്തെയാണ് ഈ വാഹനം പ്രതിഫലിപ്പിക്കുന്നതെന്നും ഹൈബ്രിഡ് മോഡലുകൾക്ക് ഉപഭോക്താക്കൾക്കിടയിൽ ആവശ്യക്കാരേറുന്നുണ്ടെന്നും മെഴ്സിഡസ് ബെൻസ് ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ സന്തോഷ് അയ്യർ പറഞ്ഞു.

മെഴ്സിഡസ്ബെൻസ് തങ്ങളുടെ 140 വർഷത്തെ ചരിത്രം ആഘോഷിക്കുന്ന വേളയിലാണ് ഈ പുതിയ മോഡൽ വിപണിയിൽ എത്തിച്ചിരിക്കുന്നത്.

# ക്രിസ്മസ് വരവറിയിച്ച് തിരുവനന്തപുരം ലുലുമാളിൽ ഗ്രാൻഡ് കേക്ക് മിക്സിങ്

## 4,000 കിലോ ചേരുവകളിൽ ഒരുങ്ങുന്നത് 20,000 പ്ലം കേക്കുകൾ

**തിരുവനന്തപുരം:** വരാനിരിക്കുന്ന ക്രിസ്മസ് ആഘോഷങ്ങൾക്ക് മാധുര്യമേകാൻ തിരുവനന്തപുരം ലുലുമാളിൽ വിപുലമായ കേക്ക് മിക്സിങ് സെറിമണി സംഘടിപ്പിച്ചു. ഉത്സവകാല വരവറിയിച്ചുകൊണ്ട് ലുലു ഒരുക്കുന്ന പരമ്പരാഗത പ്ലം കേക്കുകളുടെ നിർമ്മാണത്തിന് മുന്നോടിയായാണ് 4,000 കിലോഗ്രാം ചേരുവകൾ ചേർത്തുള്ള വിസ്മയകരമായ ഗ്രാൻഡ് മിക്സിങ് നടന്നത്. ഡ്രൈ ഫ്രൂട്ട്സുകൾ, റിച്ച് ഫ്രൂട്ട്സുകൾ, തെരഞ്ഞെടുത്ത സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങി 25ഓളം വൈവിധ്യമാർന്ന ചേരുവകളും ഫ്രഷ് മുന്തിരി ജ്യൂസും ചേർത്താണ് ഇത്തവണത്തെ ഫെസ്റ്റീവ് മിക്സ് തയാറാക്കിയത്. പൂർണ്ണമായും ആൽക്കഹോൾ രഹിതമായ മിക്സാണ് കേക്കുകൾക്കായി തയ്യാറാക്കിയത്.



ഈ ക്രിസ്മസ് സീസണിൽ 19 വ്യത്യസ്ത രുചിഭേദങ്ങളിലായി 20,000 പ്ലം കേക്കുകളാണ് തിരുവനന്തപുരം ലുലുവിൽ ഉപഭോക്താക്കൾക്കായി ഒരുങ്ങുന്നത്. പാരമ്പര്യ തനിമ ചോരാത്ത ക്ലാസിക് പ്ലം കേക്കുകൾക്കൊപ്പം പുത്തൻ ഫ്ലേവറുകളിലും ടെക്സ്ചറുകളിലുമുള്ള വിഭവങ്ങളും ലുലു ഹൈപ്പർമാർക്കറ്റിലെ കേക്ക് കൗണ്ടറുകളിൽ ലഭ്യമാകും.

വ്യത്യസ്ത ചേരുവകളുടെ കൊതിയൂറുന്ന സുഗന്ധവും തനത് രുചിക്കൂട്ടുകളും ഒത്തുചേർന്ന കേക്ക് മിക്സിങ് വേദി കാഴ്ചക്കാർക്കും വേറിട്ട അനുഭവമായി. സിനിമ ടെലിവിഷൻ താരങ്ങളായ പാർവതി കൃഷ്ണ, കിഷോർ സത്യ, അനീഷ് രവി, ലക്ഷ്മി നായർ, പിന്നണി ഗായകൻ പ്രശോഭ് രാമചന്ദ്രൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു.

ലുലു ഗ്രൂപ്പ് പ്രതിനിധികൾ, ജീവനക്കാർ, മാളിലെത്തിയ സന്ദർശകർ എന്നിവരുടെ സജീവ പങ്കാളിത്തം കൂടിയായതോടെ ഉത്സവപ്രതീതിയിലാണ് കേക്ക് മിക്സിങ് പൂർത്തിയായത്.

# മുത്തൂറ്റ് എം. ജോർജ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** കഴിഞ്ഞ ഒമ്പത് പതിപ്പുകളിലായി 176 ഡോക്ടർമാർ, 184 എഞ്ചിനീയർമാർ, 152 നഴ്സുമാർ ഉൾപ്പെടെ 512 പ്രൊഫഷണലുകളെ സൃഷ്ടിച്ച മുത്തൂറ്റ് ഫിനാൻസിന്റെ മുത്തൂറ്റ് എം. ജോർജ് ഹയർ എജ്യുക്കേഷൻ സ്കോളർഷിപ്പ് പദ്ധതിയുടെ പത്താം പതിപ്പിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ഇതുവരെ 5.26 കോടി വിതരണം ചെയ്ത പദ്ധതിയിലൂടെ അർഹരായ വിദ്യാർഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം തുടരാനും തിരഞ്ഞെടുത്ത മേഖലകളിൽ കരിയർ കെട്ടിപ്പടുക്കാനും സാമ്പത്തിക പിന്തുണ ലഭിച്ചിട്ടുണ്ട്.

2026–27 അക്കാദമിക് വർഷത്തിൽ 120 പേർക്കാണ് സ്കോളർഷിപ്പുകൾ നൽകുന്നത്. ഇതിൽ എംബിബിഎസ്, ബി.ടെക്, ബി.എസ്.സി നഴ്സിംഗ് എന്നീ കോഴ്സുകൾ പഠിക്കുന്ന കേരളത്തിൽ നിന്നുള്ള അർഹരായ വിദ്യാർത്ഥികൾക്കായി 30 സ്കോളർഷിപ്പുകൾ മാറ്റിവെച്ചിട്ടുണ്ട്. നാല് വർഷത്തെ കോഴ്സ് കാലാവധിയിലുടനീളം സാമ്പത്തിക സഹായം നൽകും. കേരളത്തിൽ നിന്നുള്ള അർഹരായ വിദ്യാർത്ഥികൾക്ക് 2026 ഒക്ടോബർ 17 വരെ അപേക്ഷിക്കാവുന്നതാണ്.

2026–27 പതിപ്പ് പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഓരോ എംബിബിഎസ് വിദ്യാർത്ഥിക്കും നാല് വർഷത്തെ കോഴ്സ് കാലാവധിയിലേക്ക് ആകെ 2.40 ലക്ഷം രൂപയും, ബി.ടെക്, ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 1.20 ലക്ഷം രൂപ വീതവും ധനസഹായമായി ലഭിക്കും.

നിലവിൽ കേരളത്തിലെ അർഹരായ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയ പുരോഗമിക്കുകയാണ്. അർഹരായ വിദ്യാർത്ഥികൾക്ക് https://www.muthootscr.com/higher-education-scholarships/ എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാം. സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുമ്പോൾ, അപേക്ഷകർ പഠിക്കുന്ന കോളേജിന്റെ സ്ഥലം തിരഞ്ഞെടുക്കുന്നതിനു പകരം സ്ഥിരമേൽവിലാസം ഉള്ള പ്രദേശം വേണം തിരഞ്ഞെടുക്കാൻ.

പ്ലസ് ടുവിന് 90 ശതമാനം മാർക്ക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡ് നേടിയവർക്കാണ് അപേക്ഷിക്കാൻ അവസരം. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയരുത്. അപേക്ഷകർ അനുബന്ധ എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടി അംഗീകൃത വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം നേടിയതായിരിക്കണം.

# സെപ്റ്റംബറിൽ വാഹന റീട്ടെയ്ൽ വിൽപ്പനയിൽ 31.82% വളർച്ച

**ന്യൂദൽഹി:** സെപ്റ്റംബറിൽ രാജ്യത്തെ വാഹന റീട്ടെയ്ൽ വിൽപ്പന റെക്കോർഡ് ഉയരത്തിലെത്തി. ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ) പുറത്തുവിട്ട കണക്കുകൾ പ്രകാരം 25,36,920 വാഹനങ്ങളാണ് വിറ്റുപോയത്. കഴിഞ്ഞ വർഷം സെപ്റ്റംബറിനെ അപേക്ഷിച്ച് 31.82 ശതമാനവും ഓഗസ്റ്റിനെ അപേക്ഷിച്ച് 4.69 ശതമാനവും വളർച്ചയാണിത്. ഏപ്രിൽ–സെപ്റ്റംബർ കാലയളവിലെ മൊത്തം റീട്ടെയിൽ 1,55,12,319 യൂണിറ്റായി ഉയർന്ന് 20.77 ശതമാനം വളർച്ചയും രേഖപ്പെടുത്തി.

ഇരുചക്ര വാഹന വിൽപ്പന 17,90,188 യൂണിറ്റായി 33.08 ശതമാനം വളർന്നപ്പോൾ, പാസഞ്ചർ വാഹന വിൽപ്പന 4,27,213 യൂണിറ്റുകളോടെ 32.10 ശതമാനം ഉയർന്നു. വാണിജ്യ വാഹന വിൽപ്പന 37.62 ശതമാനം വർധിച്ച് 1,03,557 യൂണിറ്റിലെത്തി. സെപ്റ്റംബറിൽ ആദ്യമായാണ് ഈ വിഭാഗത്തിന്റെ വിൽപ്പന ഒരു ലക്ഷം കടക്കുന്നത്. മുചക്ര വാഹനങ്ങൾ 22.25 ശതമാനവും ട്രാക്ടറുകൾ 13.75 ശതമാനവും വീൽഡ് കൺസ്ട്രക്ഷൻ എക്യുപ്മെന്റ് 38 ശതമാനവും വളർച്ച രേഖപ്പെടുത്തി.

ഇലക്ട്രിക് വാഹനങ്ങളുടെ റീട്ടെയിൽ വിൽപ്പനയും സെപ്റ്റംബറിൽ റെക്കോർഡിലെത്തി. 3,34,339 ഇലക്ട്രിക് വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തത്. ഇതോടെ മൊത്തം വാഹന വിൽപ്പനയിൽ ഇവി വിഹിതം 13 ശതമാനമായി. ഇരുചക്ര വാഹനങ്ങളിൽ ഇവി വിഹിതം 11.58 ശതമാനവും പാസഞ്ചർ വാഹനങ്ങളിൽ 8.45 ശതമാനവുമാണ്.

ഒക്ടോബറിലെ ഉത്സവകാല വിൽപ്പനയിൽ 75.57 ശതമാനം ഡീലർമാരും വളർച്ച പ്രതീക്ഷിക്കുന്നതായി ഫാഡ അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com